പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :7374 17/07/2012-ൽ മറുപടിക്ക്

കലാകാര പെൻഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | ശ്രീ.കെ.സി.ജോസഫ്<br>ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ വിഭാഗങ്ങളിലായി എത്ര കലാകാരന്മാർക്ക് കലാകാര പെൻഷൻ അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | വിവിധ വിഭാഗങ്ങളിലായി 10 പ്രാവശ്യമായി ആകെ 974 കലാകാരന്മാർക്ക് പുതിയതായി കലാകാര പെൻഷൻ അനുവദിച്ചിട്ടുണ്ട് |
| ബി) | ഏതെല്ലാം വിഭാഗങ്ങളിലെ കലാകാരന്മാർക്കാണ് കലാകാര പെൻഷൻ അനുവദിക്കുന്നത്; | ബി) | സാഹിത്യം, സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്രകലകൾ (വാദ്യകല, ശിൽപകല, ചിത്രകല ഉൾപ്പെടെ), നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ളോകം, ചിത്രകല, ശിൽപകല, പൂരക്കളി, ബാന്റ് വാദ്യം, നാടൻകലകൾ എന്നീ വിഭാഗങ്ങളിലെ കലാകാരൻമാർക്കാണ് കലാകാര പെൻഷൻ അനുവദിക്കുന്നത്. |
| സി) | അപേക്ഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വെളിപ്പെടുത്താമോ? | സി) | പ്രതിമാസം 750 രൂപയിൽ കവിയാത്ത വരുമാനമുള്ളവരും 50 വയസ്സിന് മുകളിൽ പ്രായമുള്ള വിവിധ കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നവർക്കാണ് പെൻഷൻ അനുവദിക്കുന്നത്. നിശ്ചിത അപേക്ഷാ ഫാറത്തിൽ വിവിധ അക്കാഡമികളിൽ സമർപ്പിക്കുന്ന അപേക്ഷകൾ അക്കാഡമികൾ പരിശോധിച്ച്, അപേക്ഷകരുടെ വയസ്സിന് മുൻഗണന നൽകി തയ്യാറാക്കിയ പട്ടിക സാംസ്കാരികവകുപ്പ് മുഖേന ഗവൺമെന്റിന് ലഭ്യമാക്കുന്നു. ഈ പട്ടികയിൽ നിന്ന് വയസ്സിന് മുൻഗണന നൽകി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണ് ഇപ്പോൾ സ്വീകരിക്കുന്ന നടപടി . |

(signature)

സെക്ഷൻ ഓഫീസർ